# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 28**

---

## എം. ജി. ബിരുദാനന്തര ബിരുദം, ബി.എഡ് പ്രേവേശനം; ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

എം.ജി. സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ആർട്സ് ആൻറ് സയൻസ് കോളജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളുടെയും ടീച്ചേഴ്സ് ട്രെയിനിംഗ് സെൻററുകളിലെ ബി.എഡ് കോഴ്സുകളുടെയും ഏകജാലക പ്രവേശനത്തിന്റെ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് പ്രവേശനം നേടണം. സ്ഥിര പ്രവേശനം വേണ്ടവർ കോളജുകളിൽ നേരിട്ട് ഹാജരായി ട്യൂഷൻ ഫീസ് അടച്ച് പ്രവേശനം ഉറപ്പാക്കണം.

താത്കാലിക പ്രവേശനം എടുക്കുന്നവർ സർവ്വകലാശാലാ ഫീസ് ഓൺലൈനിൽ അടയ്ക്കുമ്പോൾ ലഭിക്കുന്ന അലോട്ട്മെന്റ് മെമ്മോ കോളജുകൾക്ക് അയച്ചുനൽകി ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ജൂലൈ ഒന്നിനു മുൻപും ബി.എഡിന് ജൂലൈ മൂന്നിനു മുൻപും പ്രവേശനം ഉറപ്പുവരുത്തണം. പ്രവേശനം സ്ഥിരീകരിച്ചതിന്റെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.

ഒന്നാം ഓപ്ഷൻ അലോട്ട് ചെയ്യപ്പെട്ടവർ സ്ഥിര പ്രവേശനമെടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനം എടുക്കാൻ സാധിക്കില്ല. ജൂലൈ ഒന്നിന് വൈകുന്നേരം നാലിനു മുൻപ് സർവകലാശാലാ ഫീസ് അടയ്ക്കാത്ത ബിരുദാനന്തര ബിരുദ കോഴ്സ് അപേക്ഷകരുടെയും ജൂലൈ മൂന്നിന് വൈകുന്നേരം നാലിനു മുൻപ് ഫീസ് അടയ്ക്കാത്ത ബി.എഡ് അപേക്ഷകരുടെയും ഫീസ് അടച്ച ശേഷം പ്രവേശനം ഉറപ്പാക്കാത്തവരുടെയും അലോട്ട്മെൻറ് റദ്ദാക്കപ്പെടും.

പ്രവേശനവുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കുന്നതിന് കൺഫർമേഷൻ സ്ലിപ്പ് കൈവശമുണ്ടായിരിക്കണം. ബിരുദാനന്തര ബിരുദ അപേക്ഷകർക്ക് ജലൈ ഒന്നിനും ബി.എഡ് അപേക്ഷകർക്ക് ജൂലൈ മൂന്നിനും ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും ഒഴിവാക്കുന്നതിനും സൗകര്യമുണ്ടാകും. പുതിയ ഓപ്ഷനുകൾ ചേർക്കാൻ കഴിയില്ല.

(പി.ആർ.ഒ/39/725/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**